**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1737** **19-01-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | വൈപ്പിൻ ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലവിൽ വൈപ്പിൻ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന വൈപ്പിനിൽ, ഒരു സർക്കാർ കോളേജിന് ആവശ്യമായ സർക്കാർ ഭൂമി ലഭ്യമല്ല. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും ഏകദേശം 1 കിലോമീറ്റർ ദൂരെ മാറി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 7.5 ഏക്കറോളം വരുന്ന ഭൂമി കോളേജ് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതായും ഭൂവുടമകൾ സമ്മതപത്രം നൽകിയതായും കോളേജിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത 7.5 ഏക്കർ ഭൂമിയിൽ 75 സെന്റ് ഭൂമി ഒഴികെയുള്ള ഭൂമിയുടെ കരം ഒടുക്ക് രസീതിൽ ഭൂമിയുടെ സ്വഭാവം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്തു കെട്ടിട നിർമ്മാണം നടത്തുന്നതിനായി ഭൂമി പുരയിടമായി മാറ്റേണ്ടതുണ്ട്. ഇത്തരത്തിൽ ഭൂമി ഇനം മാറ്റുന്നതിന് THE KERALA CONSERVATION OF PADDY LAND AND WETLAND ACT,2008 പ്രകാരം പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാൻ ആയി Local Level Monitoring Committee എല്ലാ പഞ്ചായത്തിലും രൂപീകരിച്ചിട്ടുണ്ട്. കോളേജിന് കണ്ടെത്തിയ ഭൂമി കോളേജിന് വേണ്ടി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഭൂമി ഇനം മാറ്റുന്നതിന് Local Level Monitoring Committeeക്ക് കോളേജിൽ നിന്നും അപേക്ഷ നൽകുന്നതിനു കോളേജിന് കത്ത് നൽകിയിരുന്നു. ആയത് പ്രകാരം ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്നറിയുന്നതിനായി ഞാറക്കൽ വില്ലേജ് ഓഫീസർക്കും ഞാറക്കൽ കൃഷി ഓഫീസർക്കും കോളേജ് അധികൃതർ കത്ത് നൽകുകയും ചെയ്തിരുന്നു. അവിടെ നിന്നും ലഭിച്ച മറുപടി പ്രകാരം 502/14, 503/12, 508/4, 508/2 എന്നീ റീ സർവേ നമ്പർ പ്രകാരമുള്ള ഏകദേശം |

| | | | |
|---|---|---|---|
| | | | ഒരേക്കറോളം ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട് ഡാറ്റാബാങ്കിൽ നിന്നും വിട്ടുതലാക്കി ലഭിക്കുന്നതിനായി ജില്ലാ മോണിറ്റിംങ് സമിതിയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടികൾ കോളേജിൽ നിന്നും സ്വീകരിച്ചു വരികയാണ്. |
| (ബി) | കോളേജിന്റെ പ്രവർത്തന ആവശ്യത്തിലേക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി സർക്കാർ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ? | (ബി) | നിലവിൽ വൈപ്പിൻ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന വൈപ്പിനിൽ, ഒരു സർക്കാർ കോളേജിന് ആവശ്യമായ സർക്കാർ ഭൂമി ലഭ്യമല്ല. കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും ഏകദേശം 1 കിലോമീറ്റർ ദൂരെ മാറി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 7.5 ഏക്കറോളം വരുന്ന ഭൂമി കോളേജ് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതായും ഭൂവുടമകൾ സമ്മതപത്രം നൽകിയതായും കോളേജിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത 7.5 ഏക്കർ ഭൂമിയിൽ 75 സെന്റ് ഭൂമി ഒഴികെയുള്ള ഭൂമിയുടെ കരം ഒടുക്ക് രസീതിൽ ഭൂമിയുടെ സ്വഭാവം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്തു കെട്ടിട നിർമ്മാണം നടത്തുന്നതിനായി ഭൂമി പുരയിടമായി മാറ്റേണ്ടതുണ്ട്. ഇത്തരത്തിൽ ഭൂമി ഇനം മാറ്റുന്നതിന് THE KERALA CONSERVATION OF PADDY LAND AND WETLAND ACT,2008 പ്രകാരം പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാൻ ആയി Local Level Monitoring Committee എല്ലാ പഞ്ചായത്തിലും രൂപീകരിച്ചിട്ടുണ്ട്. കോളേജിന് കണ്ടെത്തിയ ഭൂമി കോളേജിന് വേണ്ടി ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഭൂമി ഇനം മാറ്റുന്നതിന് Local Level Monitoring Committeeക്ക് കോളേജിൽ നിന്നും അപേക്ഷ നൽകുന്നതിനു കോളേജിന് കത്ത് നൽകിയിരുന്നു. ആയത് പ്രകാരം ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്നറിയുന്നതിനായി ഞാറക്കൽ വില്ലേജ് ഓഫീസർക്കും ഞാറക്കൽ കൃഷി ഓഫീസർക്കും കോളേജ് അധികൃതർ കത്ത് നൽകുകയും ചെയ്തിരുന്നു. അവിടെ നിന്നും ലഭിച്ച മറുപടി പ്രകാരം 502/14, 503/12, 508/4, 508/2 എന്നീ റീ സർവേ നമ്പർ പ്രകാരമുള്ള ഏകദേശം ഒരേക്കറോളം ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട് ഡാറ്റാബാങ്കിൽ നിന്നും വിട്ടുതലാക്കി ലഭിക്കുന്നതിനായി ജില്ലാ മോണിറ്റിംങ് സമിതിയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടികൾ കോളേജിൽ നിന്നും സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ